**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2585** **15-10-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ ദേവസ്വം ബോർഡുകളുടെ കാലാവധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിവിധ ദേവസ്വം ബോർഡ് ഭരണസമിതികളുടെ നിലവിലെ കാലാവധി അറിയിക്കാമോ; | (എ) | തിരുവിതാംകൂർ, കൊച്ചി, മലബാർ ദേവസ്വങ്ങളിൽ ബോർഡ് അംഗങ്ങളുടെ കാലാവധി നോമിനേഷൻ/ ഇലക്ഷൻ തീയതി മുതൽ 2 വർഷവും, ഗുരുവായൂർ ദേവസ്വത്തിൽ നോമിനേറ്റ് ചെയ്യപ്പെടുന്ന മാനേജിംഗ് കമ്മിറ്റി അംഗങ്ങളുടെ കാലാവധി നോമിനേഷൻ തീയതി മുതൽ 2 വർഷവും, കൂടൽമാണിക്യം ദേവസ്വത്തിൽ നോമിനേറ്റ് ചെയ്യപ്പെടുന്ന മാനേജിംഗ് കമ്മിറ്റി അംഗങ്ങളുടെ കാലാവധി നോമിനേഷൻ തീയതി മുതൽ 3 വർഷവുമാണ്. |
| (ബി) | ദേവസ്വം ബോർഡുകളുടെ കാലാവധി കുറയുന്നത് വികസനപ്രവർത്തനങ്ങൾക്കും പദ്ധതികളുടെ ആവിഷ്കരണത്തിലും തടസമാകുന്നത് കണക്കിലെടുത്ത് ദേവസ്വം ബോർഡുകളുടെ കാലാവധി ഏകീകരിച്ച് ഉത്തരവാകുന്നതിന് നടപടി സ്വീകരിക്കാമോ? | (ബി) | ദേവസ്വം ബോർഡുകളുടെ കാലാവധി ഏകീകരിക്കുന്നത് സംബന്ധിച്ച് പ്രൊപ്പോസലുകൾ നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ